പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2313 18.02.2016-ൽ മറുപടിക്ക്

**ഇടുക്കി ജില്ലയിലെ താലൂക്ക് ആശുപത്രികളിലെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിൽ വിവിധ ആശുപത്രി കളിലായി എത്ര ഡോക്ടർമാരുടെ ഒഴിവ് നിലവിലുണ്ട്; എത്ര പേർ അനധികൃത അവധിയിൽ പോയിരി ക്കുന്നു; എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്ന വിശദാംശം നൽകാമോ; | (എ) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിൽ വിവിധ ആശുപത്രികളിലായി 67 ഡോക്ടർ മാരുടെ ഒഴിവുകൾ നിലവിലുണ്ട്. 11 പേർ അനധികൃത അവധിയിൽ പോയിരിക്കുന്നു. 2 പേർ വർക്കിംഗ് അറേഞ്ചമെന്റിൽ ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്നു. |
| (ബി) ഗൈനക്കോളജി, ശിശുരോഗ വിഭാഗം, അനസ്തേഷ്യാ എന്നീ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന എത്ര താലൂക്ക് ആശുപത്രികൾ ഉണ്ട്; വിശദാംശം നൽകാമോ; | (ബി)<br>ഗൈനക്കോളജി - താലൂക്കാശുപത്രി, നെടുങ്കണ്ടം<br>ശിശുരോഗവിഭാഗം - താലൂക്കാശുപത്രി, കട്ടപ്പന<br>അനസ്തേഷ്യ വിഭാഗം - താലൂക്കാശുപത്രി, നെടുങ്കണ്ടം |
| (സി) താലൂക്ക് ആശുപത്രികളിൽ ഗൈനക്കോളജി, ശിശുരോഗ വിഭാഗം, അനസ്തേഷ്യാ വിഭാഗങ്ങൾ മുടക്കം കൂടാതെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് | (സി)&(ഡി) നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റ് ജോലി നോക്കിവരുന്നതിനാൽ ഈ വിഭാഗത്തിലെ പ്രവർത്തനം തടസ്സമില്ലാതെ |

| | |
|---|---|
| വരുത്താൻ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | നടത്തുന്നു. കട്ടപ്പന താലൂക്കാശുപത്രിയിൽ ശിശുരോഗ വിഭാഗത്തിൽ 2015 നവംബർ മാസത്തിൽ പുതുതായി സൃഷ്ടിച്ച രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ഈ ഒഴിവിലേയ്ക്ക് 2 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ അനസ്തേഷ്യാ വിഭാഗത്തിലെ ഒഴിവ് നികത്തുന്നതിലേയ്ക്കായി ജനറൽ കേഡറിൽ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി)പ്രസ്തുത നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | മേൽ നടപടികൾ മുഖേന പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Sd/-

സെക്ഷൻ ഓഫീസർ